I ഇ.ബി. XIII – കേരള നിയമസഭ/II-9

**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നിയമസഭാ നടപടികൾ**

**സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2011 ഒക്ടോബർ 11, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**അടിയന്തരപ്രമേയം**

**എസ്.എഫ്.ഐ. നടത്തിയ ഉപരോധം**

മി. സ്പീക്കർ: സ്വാശ്രയ മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടിയ വിദ്യാർത്ഥിക്ക് നിയമവിരുദ്ധമായി ഗവൺമെന്റ് കോളേജിൽ പ്രവേശനം നൽകിയതിനെതിരെ കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജിനുമുന്നിൽ എസ്.എഫ്.ഐ. നടത്തിയ ഉപരോധത്തിനുനേരെ അസിസ്റ്റന്റ് പോലീസ് കമ്മീഷണർ റിവോൾവർ ഉപയോഗിച്ച് വെടിവച്ച സംഭവത്തെത്തുടർന്ന് സംജാതമായിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. എ. പ്രദീപ് കുമാർ, വി.എസ്. സുനിൽ കുമാർ, സി.കെ.നാണു, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2009-ൽ എൻട്രൻസ് എക്സാമിനേഷൻ എഴുതിയ നിർമ്മൽ മാധവ് എന്ന വിദ്യാർത്ഥി തേർഡ് അലോട്ട്മെന്റിൽ കോഴിക്കോട് യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജിൽ മെക്കാനിക്കൽ വിഭാഗത്തിൽ മാനേജ്മെന്റ് മെറിറ്റിൽ പ്രവേശനം നേടുകയും അവിടെ പഠിച്ചു കൊണ്ടിരിക്കുന്ന സമയത്ത് ക്രൂരമായ റാഗിംഗിന് ഇരയാകുകയും വിദ്യാർത്ഥിയുടെ പിതാവിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ഇതിനെക്കുറിച്ച് അന്വേഷിക്കാൻ കോളേജ് ഒരു ആന്റി റാഗിംഗ് കമ്മിറ്റിയെ നിയോഗിക്കുകയും ക്രൂരമായ റാഗിംഗ് നടന്നിട്ടുണ്ടെന്ന് കണ്ടെത്തുകയും വിവരം ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ അറിയിക്കുകയും ചെയ്തതിനെത്തുടർന്ന് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് എസ്.എഫ്.ഐ. യൂണിറ്റ് സെക്രട്ടറി അടക്കമുള്ള ഏഴ് പ്രതികളുടെ പേരിൽ കേസെടുക്കുകയും ചെയ്തു. തുടർന്ന് ഈ കുട്ടിക്ക് പ്രസ്തുത കോളേജിൽ പഠിക്കാനുള്ള സാഹചര്യം ഇല്ലാതെ വന്നതിനാൽ പഠിത്തം നിറുത്തി പുന്നപ്രയിൽ CAPE-ന്റെ കീഴിലുള്ള കോളേജിൽ ചേരുകയുണ്ടായി. കോഴിക്കോട് യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജിൽ നിന്നും റിക്കാർഡുകൾ തിരികെ ലഭിക്കാത്തതു കാരണം ഫസ്റ്റ് ഇയറിൽ ചേരേണ്ടതായിവന്നു. ആ സമയത്ത് റാഗിംഗ് കേസ് പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വിദ്യാർത്ഥിയുടെ മേൽ സമ്മർദ്ദമുണ്ടായിതനെത്തുടർന്ന് പഠിത്തം നിറുത്തുകയുണ്ടായി. ഞാൻ മുഖ്യമന്ത്രിയായ ശേഷം ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ വെസ്റ്റ്ഹിൽ എഞ്ചിനീയറിംഗ് കോളേജിലേക്ക് അഡ്മിഷന് സ്പെഷ്യൽ ഓർഡർ കൊടുത്തെങ്കിലും എസ്.എഫ്.ഐ. പ്രസ്തുത വിദ്യാർത്ഥിയെ ക്ലാസിൽ കയറാൻ അനുവദിക്കില്ലെന്ന നിലപാടെടുക്കുകയുണ്ടായി.

രക്ഷകർത്താക്കളേയും എല്ലാ പാർട്ടിക്കാരേയും വിളിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയതിനെത്തുടർന്നു ണ്ടായ ധാരണയനുസരിച്ച് ഇക്കാര്യങ്ങൾ പരിശോധിക്കാൻ ഒരു ടെക്നിക്കൽ കമ്മിറ്റിയെ നിയോഗിക്കാനും കമ്മിറ്റിയുടെ തീരുമാനം എന്തുതന്നെയായാലും അംഗീകരിക്കാനും എല്ലാവരും സമ്മതിക്കുകയാണുണ്ടായത്. രണ്ട് ദിവസം കഴിഞ്ഞപ്പോൾ ആ തീരുമാനം തങ്ങൾക്ക് ബാധകമല്ലെന്ന് എസ്.എഫ്.ഐ. തീരുമാനിക്കുകയും അതിനെത്തുടർന്ന് സമരം ആരംഭിക്കുകയും ചെയ്തു. ഗവൺമെന്റ് ആഗ്രഹിക്കാത്ത പല സംഭവങ്ങളും ഇന്നലെ അവിടെയു ണ്ടായതിൽ അങ്ങേയറ്റം ഖേദമുണ്ട്. പരിക്കുപറ്റിയ പോലീസുകാരെ ആശുപത്രിയിലാക്കാൻ സാധിക്കുന്നില്ലെന്ന മെസേജ് കിട്ടിയതിനെത്തുടർന്ന് അസിസ്റ്റന്റ് കമ്മീഷണർ സ്ഥലത്തെത്തുകയും ബലം പ്രയോഗിക്കേണ്ടി വരികയുമാണുണ്ടായത്. കാര്യങ്ങൾ സമാധാനപരമായി പോകുന്നതിന് എല്ലാവരുടേയും സഹകരണം വേണം. എസ്.എഫ്.ഐ. ഉന്നയിച്ച ആവശ്യ ങ്ങൾ ഗൗരവമായി പരിഗണിച്ചിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. എ. പ്രദീപ് കുമാർ: ഇന്നലെ നടന്ന പോലീസ് മർദ്ദനത്തെയും വെടിവയ്പ്പിനേയും വളരെ നിസ്സാരമായിട്ടാണ് മുഖ്യമന്ത്രി അവതരിപ്പിച്ചത്. പരിക്കുപറ്റിയ പോലീസുകാരെ ആശുപത്രിയിൽ കൊണ്ടുപോകാൻ സാധി ക്കാത്തതുകൊണ്ട് പോലീസിന് ബലം പ്രയോഗിക്കേണ്ടിവന്നുവെന്ന് പറഞ്ഞത് ശരിയല്ല. എസ്.എഫ്.ഐ.യുടെ ഉപരോധ സമരത്തിന്റെ ഉദ്ഘാടന പ്രസംഗം കഴിഞ്ഞ ഉടനെയാണ് ഭീകരമായ മർദ്ദനമാരംഭിച്ചത്. നൂറോളം വിദ്യാർത്ഥികൾ നടത്തിയ സമരത്തെ മുന്നൂറിലധികം പോലീസുകാരും ഹോം ഗാർഡുമാരും ചേർന്നാണ് നേരിട്ടത്. പരിക്കേറ്റവരിൽ 14 പേരുടെ

നില ഗുരുതരമാണ്. കോളേജ് പ്രിൻസിപ്പൽ വിളിച്ചുവരുത്തിയ രക്ഷിതാക്കളും മർദ്ദനത്തിനിരയായിട്ടുണ്ട്. എസ്.എഫ്.ഐ. സംസ്ഥാന സെക്രട്ടറി പി. ബിജുവിന്റെ തലയ്ക്ക് സാരമായി പരിക്ക് പറ്റി ആശുപത്രിയിൽ ചികിൽസയിലാണ്. മിക്കവാറും എല്ലാവർക്കും തലയ്ക്കാണ് പരിക്കു പറ്റിയിട്ടുള്ളത്. ഹോംഗാർഡുകൾക്ക് ആയുധം കൊടുത്ത് അവരെക്കൊണ്ട് തല്ലിക്കുന്ന സ്ഥിതിവരെയുണ്ടായി. പരിക്കുപറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടവരെ നിർബന്ധിച്ച് ഡിസ്ചാർജ്ജ് ചെയ്യിക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. കേരളാ പോലീസ് മാന്വലിന്റെ ലംഘനമാണ് നടന്നിരിക്കുന്നത്. മെറിറ്റും യൂണിവേഴ്സിറ്റി ചട്ടങ്ങളും കാറ്റിൽപ്പറത്തി നിർമ്മൽ മാധവിന് അഡ്മിഷൻ കൊടുത്ത നടപടിയാണ് കോഴിക്കോട് യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജിൽ പ്രശ്നത്തിനിടയാക്കിയത്. 2009-ലെ എൻട്രൻസ് പരീക്ഷയിൽ 22787-ാം റാങ്കുകാരനായ ഈ കുട്ടിക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ കത്തിന്റെ അടിസ്ഥാനത്തിലാണ് മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ അഞ്ചാം സെമസ്റ്ററിലേക്ക് അഡ്മിഷൻ കൊടുത്തത്. സെമസ്റ്റർ-3, സെമസ്റ്റർ-4 പരീക്ഷകൾ എഴുതാൻ സാധിക്കാത്തതിനാൽ പ്രത്യേക കേസായി പരിഗണിച്ച് ആ കാലയളവിലെ മെക്കാനിക്കൽ എഞ്ചിനീയറിംഗിന്റെ ഇന്റേർണൽ അസ്സസ്സ്മെന്റ് നടത്തിക്കൊടുക്കണമെന്നും പറഞ്ഞിരിക്കുന്നു. ഇങ്ങനെ എല്ലാ മാനദണ്ഡങ്ങളും ലംഘിച്ച് അഡ്മിഷൻ കൊടുത്ത പ്രശ്നമാണ് വിമർശിക്കപ്പെട്ടത്. ഈ കുട്ടിക്ക് ഏറ്റവും മികച്ച സെൽഫ് ഫിനാൻസിംഗ് കോളേജിൽത്തന്നെ അഡ്മിഷൻ കിട്ടുമെന്നിരിക്കെ മാനദണ്ഡങ്ങൾ ലംഘിച്ച് കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജിൽത്തന്നെ അഡ്മിഷൻ കൊടുക്കണമെന്ന് നിർബന്ധിക്കുന്നത് ശരിയല്ല. റാഗിംഗ് കേസ് കൃത്രിമമായി ഉണ്ടാക്കിയതാണ്.

അതിന്റെ പേരിൽ ഒരു കേസും എടുത്തിട്ടില്ലെന്ന് തെളിയിക്കാൻ തയ്യാറാണ്. കുട്ടി ആത്മഹത്യയ്ക്ക് ശ്രമിച്ചു എന്നുപറയുന്നത് കെട്ടിച്ചമച്ച കഥയാണ്. നിർമ്മൽ മാധവ് കോളേജിൽ വന്നപ്പോൾ ക്ലാസിന് തടസ്സം സൃഷ്ടിക്കാതെ എസ്.എഫ്.ഐ. വിദ്യാർത്ഥികൾ ഗേറ്റിന്റെ മുമ്പിൽ കുത്തിയിരുന്ന് നടത്തിയ സമരമാണ് ഇന്നലെയുണ്ടായ ദുരന്തത്തിലേക്ക് നയിച്ചത്. ക്രിമിനൽ പശ്ചാത്തലമുള്ള അസിസ്റ്റന്റ് കമ്മീഷണറായ ശ്രീ. രാധാകൃഷ്ണ പിള്ളയെ 2005-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൈക്കൂലി കേസുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്തിട്ടുണ്ട്. പല കേസുകളിലും പ്രതിയായ ഇദ്ദേഹത്തെ സസ്പെൻഡ് ചെയ്ത് അന്വേഷണം നടത്തണം. നിർമ്മൽ മാധവിനെ സെൽഫ് ഫിനാൻസിംഗ് കോളേജിൽ പഠിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതോടൊപ്പം സംഭവത്തിന് ഉത്തരവാദികളായ പ്രിൻസിപ്പൽ സെക്രട്ടറി, രജിസ്ട്രാർ ഉൾപ്പെടെയുള്ളവരുടെ പേരിൽ വിജിലൻസ് അന്വേഷണം നടത്തുകയും വേണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): റാഗിംഗ് കേസ് കെട്ടിച്ചമച്ചതല്ല. നിർമ്മൽ മാധവിനെ റാഗ് ചെയ്തതായി ആന്റി റാഗിംഗ് കമ്മിറ്റി കണ്ടെത്തി തേഞ്ഞിപ്പലം പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് 28-10-2010-ൽ കേസ് എടുത്തിട്ടുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സ്വാശ്രയ കോളേജിൽ മാനേജുമെന്റ് ക്വാട്ടയിൽ പ്രവേശനം കിട്ടിയ ഒരു വിദ്യാർത്ഥിക്ക് സ്പെഷ്യൽ ഓർഡറിലൂടെ യൂണിവേഴ്സിറ്റി എൻജിനീയറിംഗ് കോളേജിൽ പ്രവേശനം കൊടുത്ത നടപടി ശരിയല്ല.

ശ്രീ. ഉമ്മൻ ചാണ്ടി: 2007-ൽ എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് കുറ്റിപ്പുറത്തെ ഒരു എയിഡഡ് കോളേജിൽ പ്രവേശനം കിട്ടിയ എസ്.എഫ്.

ഐ. പ്രവർത്തകനെ കോളേജിൽനിന്ന് പുറത്താക്കിയപ്പോൾ ഇടുക്കി ഗവൺമെന്റ് കോളേജിലും നോർത്ത് ഇൻഡ്യയിൽ പഠിച്ചുകൊണ്ടിരുന്ന എം.ബി.ബി.എസ്. വിദ്യാർത്ഥിക്ക് കേരള സർവ്വകലാശാലയുടെ കീഴിലും പ്രവേശനം കൊടുത്തിട്ടുണ്ട്. നിർമ്മൽ മാധവിന് അഡ്മിഷൻ നൽകിയ തിന്റെ ഉത്തരവാദിത്വം ഞാൻ ഏറ്റെടുക്കുകയാണ്. ആത്മഹത്യയിൽ നിന്ന് രക്ഷപ്പെട്ട് നിർമ്മൽ മാധവ് വീണ്ടും പഠിക്കാനാഗ്രഹിച്ച് സമീപിച്ചപ്പോഴാണ് സ്പെഷ്യൽ ഉത്തരവനുസരിച്ച് വെസ്റ്റ് ഹിൽ കോളേജിൽ ചേരാൻ സർക്കാർ അനുവാദം കൊടുത്തത്. പ്രതിപക്ഷം ഉന്നയിച്ച പ്രശ്നങ്ങൾ ടെക്നിക്കൽ കമ്മിറ്റി പൂർണ്ണ സ്വാതന്ത്ര്യത്തോടെ പരിശോധിക്കുന്നതാണ്. ഒരു വിദ്യാർത്ഥിയെ ഒരിടത്തും പഠിക്കാൻ അനുവദിക്കില്ല എന്ന നിലപാടിൽ നിന്നും പ്രതിപക്ഷം പിൻമാറണം. ഇത്തരം കാര്യങ്ങൾ മേലിൽ ഉണ്ടാകരുതെ ന്നാണ് ആഗ്രഹിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ):</u> മുഖ്യമന്ത്രി മുൻകൈയെടുത്ത് നിർമ്മൽ മാധവ് എന്ന വിദ്യാർത്ഥിക്ക് കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജിൽ അനധികൃതമായി പ്രവേശനം നൽകിയതിനെ തിരെ വിദ്യാർത്ഥി നേതാക്കൾ അധികൃതരോട് പരാതിപ്പെട്ടുവെങ്കിലും വിദ്യാർത്ഥികളുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കാതെ അധികൃതർ പോലീസുമായി ധാരണയുണ്ടാക്കി ഉപരോധത്തിന്റെ മറവിൽ വിദ്യാർത്ഥി കളെ നിഷ്ഠൂരമായി മർദ്ദിക്കുകയും മുന്നറിയിപ്പില്ലാതെ വെടിവയ്ക്കു കയുമാണ് ചെയ്തത്. വിദ്യാർത്ഥികൾക്കുനേരെ വെടിവച്ച പോലീസ്

ഓഫീസറെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി: വിദ്യാർത്ഥികൾക്ക് ജനാധിപത്യരീതിയൽ സമരം ചെയ്യാനും പ്രതിഷേധിക്കാനുമുള്ള അവകാശമുണ്ട്. പക്ഷേ പരിക്കുപറ്റിയ പോലീസുകാരെ ആശുപത്രിയിൽ കൊണ്ടുപോകാൻ അനുവദിക്കാത്ത സാഹചര്യം അംഗീകരിക്കാവുന്നതല്ല. വെടിവയ്പിനെക്കുറിച്ച് ഡി.ജി.പി. യോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : പോലീസുകാർക്ക് പരിക്ക് പറ്റിയതിൽ ദു:ഖമുള്ളതുപോലെതന്നെ പോലീസിന്റെ ക്രൂരമായ മർദ്ദനത്തിന് വിധേയ രായ വിദ്യാർത്ഥികൾ പരിക്കുകളോടെ കഴിയുന്നതും കാണേണ്ടതാണ്. ഗുരുതരമായ തെറ്റ് ചെയ്ത പോലീസ് ആഫീസറെ സർവ്വീസിൽ നിന്ന് ഉടനടി മാറ്റാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ഇല്ലയോ എന്നാണ് അറിയേണ്ടത്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സീറ്റ് വിട്ട് സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യങ്ങൾ മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേക്ക് കടന്നു.)

**ശ്രദ്ധക്ഷണിക്കൽ**

(നോട്ടീസ് നൽകിയ അംഗം സീറ്റിലില്ലാതിരുന്നതിനാൽ ഒന്നാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

**കഴക്കൂട്ടം ദേശീയപാതയിലെ ഗതാഗതക്കുരുക്ക്**

ശ്രീ. എം. എ. വാഹീദ് : തിരുവനന്തപുരം ജില്ലയിലെ ഐ.ടി. വ്യവസായ മേഖലയായ കഴക്കൂട്ടത്തെ ദേശീയ പാതയിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ചാക്ക-കഴക്കൂട്ടം ബൈപ്പാസും ടെക്നോപാർക്കുമായി ബന്ധപ്പെട്ട നാഷണൽ ഹൈവേയും വികസിപ്പിച്ച് നാലുവരിപ്പാതയാക്കി മാറ്റാനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : കഴക്കൂട്ടം ഐ.ടി.സിറ്റിയുമായി ബന്ധപ്പെട്ട് 03-10-2011-ൽ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് ഒരു പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

2011-ലെ കേരള സർക്കാർ ഭൂപതിവ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

**2011 – 2012 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും**

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVIII - വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും (1042,02,60,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIX - കുടുംബക്ഷേമം (107,30,71,000 രൂപ)

റവന്യു വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല)

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ രാവിലെ 10.32 ന് പിരിഞ്ഞു)